# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 8/393/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 29/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. അസി ഡവലപ്മെന്റ് കമ്മീഷൻ(ജനറൽ) കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 8/393/2023 തീയ്യതി: 29/03/2023

# കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 17-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ.ഇ.വി.ഹരി , ഓഡിറ്റ് ഓഫീസർ

ശ്രീ.സതീഷ് കുമാർ.സി.പി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഗിരിജ.കെ.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രസീത.കെ.വി | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീ. രഞ്ജിത്ത് കുമാർ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-05-2021 | 14-05-2021 |
| ശ്രീ. പുരുഷോത്തമൻ.പി.കെ | സെക്രട്ടറി | 14-05-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രാജശ്രീ.പി.ടി. | സി.ഡി.പി.ഒ | 01-04-2021 | 30-06-2021 |
| ശ്രീമതി. സുമ.സി.എസ് | സി.ഡി.പി.ഒ | 01-07-2021 | 31-03-2022 |
| ശ്രീ. അൻജിത്.ബി.മോഹൻ | അസി.എക്സി.എഞ്ചിനീയർ | 01-04-2021 | 08-07-2021 |
| ശ്രീ. അബ്ദുൾ സലീം.എം | അസി.എക്സി.എഞ്ചിനീയർ | 08-07-2021 | 18-08-2021 |
| ശ്രീമതി. സീജ.എൻ.പി | അസി.എക്സി.എഞ്ചിനീയർ | 18-08-2021 | 11-10-2021 |
| ശ്രീമതി. വിജുമോൾ.ഡി | അസി.എക്സി.എഞ്ചിനീയർ | 11-10-2021 | 31-03-2022 |
| ശ്രീ. വിപിൻ.കെ.എം | അസി.എഞ്ചിനിയർ | 01-04-2021 | 30-06-2021 |
| ശ്രീമതി. സിമി ഭാസ്കർ | അസി.എഞ്ചിനിയർ | 30-06-2021 | 07-01-2022 |
| ശ്രീമതി. ഷീബ മറിയം വർഗീസ് | അസി. എഞ്ചിനിയർ | 07-01-2022 | 31-03-2022 |
| ഡോ.ഉസ്മാൻ.പി.കെ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി,ഓർക്കാട്ടേരി | 01-04-2021 | 31-03-2022 |
| ശ്രീ. സജീവൻ.ടി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. വിശ്വൻ കോറോത്ത് | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീജിത്ത്.സി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ മജീദ് | കൃഷി അസിസ്റ്റന്റ് ഡയരക്ടർ | 01-04-2021 | 09-12-2021 |
| ശ്രീ. നൗഷാദ്.കെ.ഇ | കൃഷി അസിസ്റ്റന്റ് ഡയരക്ടർ(ഇൻ ചാർജ്) | 10-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 10 | സർക്കാർ നിർദ്ദേശം പാലിക്കാതെ റോഡു പ്രവൃത്തികൾ ഏറ്റെടുക്കുന്നു. | 1-8 |
| 11 | ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച് | 1-9 |
| 12 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം : പിഴ ഈടാക്കിയില്ല | 1-10 |
| 13 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-11 |
| 14 | പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തതു കാരണം ഫണ്ടുകൾ പാഴാകുന്നു | 1-12 |
| 15 | സ്പിൽ ഓവർ പ്രവൃത്തികൾ : തൻവർഷം യാതൊരു ചെലവുമില്ല | 1-13 |
| 16 | പൊതുമരാമത്ത് - കരാർ ഒപ്പിടുന്നതിൽ കാലതാമസം | 1-14 |
| 17 | ഒരേ കെട്ടിട സമുച്ചയത്തിലെ പ്രവൃത്തിക്ക് ഒന്നിലധികം പ്രൊജക്ടുകൾ | 1-15 |
| 18 | സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല | 1-16 |
| 19 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-17 |
| 20 | അങ്കണവാടി കെട്ടിട നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല. | 1-18 |
| 21 | മടിത്തട്ട് - കൗൺസിലർക്ക് അധിക നിരക്കിൽ വേതനം നൽകി | 1-19 |
| 22 | നെൽകൃഷി കൂലിചെലവ് സബ്സിഡി - തുക ലഭിച്ച ഗുണഭോക്താവിന്റെ വിവരം ലഭ്യമല്ല. | 1-20 |
| 23 | ഓർക്കാട്ടേരി സി. എച്ച്. സി - മുറിച്ച മരങ്ങൾ ലേലം ചെയ്തില്ല. | 1-21 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ | 1-22 |
| 25 | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി - വിനിയോഗ വിവരം ലഭ്യമല്ല. | 1-23 |
| 26 | ഭിന്നശേഷി സ്കോളർഷിപ്പ് - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - സാംഖ്യ ബില്ലുകൾ, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-24 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

വടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1 (2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 38,70,675 |
| വരവ് | 3,10,52,000 |
| ആകെ | 3,49,22,675 |
| ചെലവ് | 2,85,48,000 |
| നീക്കിയിരിപ്പ് | 63,74,675 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 07.06.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2021-22 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 526256/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഹെഡ് വൈസ് അക്കൗണ്ട് എഴുതി നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ തോത് എപ്രകാരമാണെന്ന് വ്യക്തമല്ല. 2020-21 ലെ വാർഷിക ധനകാര്യ പത്രിക ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 1-17(a) പ്രകാരമുള്ള ഡിപ്രീസിയേഷൻ നിരക്കും 2021-22 ലെ ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 1-17(a) നിരക്കും തമ്മിൽ വലിയ അന്തരം കാണുന്നു, ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം | 2020-21 | 2021-22 |
|---|---|---|
| വാട്ടർവേയ്സ് | 12,742 | 1,53,290 |
| റോഡ്സ് & ബ്രിഡ്ജസ് | 75,852 | 2,51,475 |

3. 2021-22 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Rent

Recievables From Buildings അരിയർ ഇനത്തിൽ ബാക്കി നിൽക്കുന്ന തുക 5360/- രൂപയാണ്. എന്നാൽ വാടക രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ കുടിശ്ശിക ഇനത്തിലെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

4. 2021-22 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-31 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ഗ്രാമപഞ്ചായത്ത് വിഹിതത്തിലെ ചെലവ് 910000/- രൂപയാണ്. എന്നാൽ ഐ.കെ.എം ചെലവ് പത്രിക പ്രകാരം 2021-22 ൽ സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ഗ്രാമപഞ്ചായത്ത് വിഹിതത്തിലെ ചെലവ് 70000/- രൂപയാണ്.

5. 2021-22 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് നീക്കിയിരിപ്പ് 1109563 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഹെഡ് വൈസ് അക്കൗണ്ട് എഴുതി നീക്കിയിരിപ്പ് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20,30,007 |
| വരവ് | 5,14,65,829 |
| ആകെ | 5,34,95,836 |
| ചെലവ് | 4,60,97,300 |
| നീക്കിയിരിപ്പ് | 73,98,536 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,04,10,177 | 2,04,10,177 | 1,86,36,342 | 17,73,835 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 21,01,369 | 21,01,369 | 18,27,000 | 2,74,369 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 48,21,331 | 48,21,331 | 34,90,637 | 13,30,694 |
| സെൻട്രൽ | 0 | 6,02,258 | 6,02,258 | 6,02,258 | 0 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMSമുഖേന) | 0 | 37,82,069 | 37,82,069 | 28,30,883 | 9,51,186 (പലിശയുൾപ്പെടെ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 14,40,127 | 14,40,127 | - | 14,40,127 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 55,78,000 | 55,78,000 | 11,69,372 | 44,08,628 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), മെയിന്റനൻസ് (നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് | 16,91,04,752 | 2,08,48,353 |

| | | |
|---|---|---|
| (ജനറൽ) | | |
| വികസനഫണ്ട് (എസ്.സി.പി) | 86,53,374 | 21,37,000 |
| മെയിന്റനൻസ് (നോൺ-റോഡ്) | 1,05,54,661 | 51,44,931 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 86 | 5,60,81,582 | 61 | 3,04,30,993 | 16 | 9 | 70.93 % |

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.03.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

വടകര ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നതായി കാണുന്നു.

ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. വാടക രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് പ്രൊജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. പ്രതിമാസ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് ഒപ്പ് വെച്ച് അധികൃതമാക്കുന്നുണ്ട്. ബ്ലോക്ക്പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. 2022 ഏപ്രിൽ മാസത്തിൽ നടത്തിയ ഓഡിറ്റ് അദാലത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടുണ്ട്.

1-8 സർക്കാർ നിർദ്ദേശം പാലിക്കാതെ റോഡു പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ തിയ്യതി. 29.01.2018 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ള റോഡ് പ്രവൃത്തി ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. വടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പൊതുമരാമത്ത് പ്രവൃത്തികളിൽ റോഡു പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത റോഡു പ്രവൃത്തിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | പ്രൊജക്ട് നമ്പർ, പ്രവൃത്തി | പഞ്ചായത്ത് | സാങ്ഷൻ ഓർഡർ നമ്പർ, തുക |
|---|---|---|---|
| 1 | ചെറ്റയിൽ മുക്ക് മീത്തലങ്ങാടി സ്കൂൾ റോഡ് നിർമ്മാണ പ്രവൃത്തി (90/22) | ചോറോട് | 122/31-12-2021, 99,466/-, 207/04-03-2022, 3,73,052/- = 4,72,518/- |

മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 7.13.(3) പ്രകാരം, ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ആണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ള റോഡുകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡാണ് ഇതെന്നതിന്റെ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി - 8/2021-22 ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകത കാരണം പ്രവൃത്തിക്കായി ചെലവഴിച്ച 4,72,518/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ആണ് ഇതെന്നതിന്റെ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-9 ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ തിയ്യതി. 29.01.2018 ഖണ്ഡിക 7.13.12 പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാൻ പറയുന്നുണ്ട്. വടകര ബ്ലോക്ക് പഞ്ചായത്ത് 2018-19 മുതൽ നാളിതുവരെ നടപ്പിലാക്കിയ വാർഷിക പദ്ധതികളിൽ 5 വർഷ ഗ്യാരന്റിയോടു കൂടി ഏതെങ്കിലും റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (7/2021-22) മറുപടി നൽകിയിട്ടില്ല. 5 വർഷ ഗ്യാരന്റിയോടു കൂടിയുള്ള റോഡുകൾ നിർമ്മിക്കാനുള്ള സാധ്യത സർക്കാർ തുറന്നു തന്നിട്ടും ഉപയോഗപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

1-10 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം : പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്നുള്ള ഒരു തവണ 2% വും, മാക്സിമം 1,00,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി സർക്കാർ ഉത്തരവു പ്രകാരം 6 മാസം കൂടി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ വടകര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | ബിൽ/സാങ്ഷൻ ഓർഡർ നമ്പർ, തുക |
| 1 | അഴിയൂർ പട്ടികജാതി പ്രീമെട്രിക്ക് ഹോസ്റ്റൽ (ആൺകുട്ടികൾ) അറ്റകുറ്റപണി (80/22) | 3,10,000/- | യു. എൽ. സി. സി. എസ് | 213/07-03-2022, 2,76,206/- |

ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | 3 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|
| കരാർ തിയ്യതി | പൂർത്തീകരിക്കേണ്ട, കാലയളവ് തിയ്യതി | അധികരിച്ച 6 മാസം ചേർത്ത് പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ (7+8) |
| 27-10-2020 | 180 ദിവസം (25.04.2021) | 24-10-2021 | 24-02-2022 (123 ദിവസം) | 3,100/- (45ദിവസം) | 6,200/- | 9,300/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. ഇത് ബ്ലോക്ക്

പഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. 22-04-2021, 22-10-2021 എന്നീ തിയ്യതിയിലെ ULCCS/ENGG /8552/2020-21 എന്നീ കത്തുകൾ പ്രകാരം പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാൻ ULCCS അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/2021-22 ) മറുപടിനൽകിയിട്ടില്ല.

1-11 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. വടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 ലെ വർക്കിംഗ് ഗ്രൂപ്പ് 2021-22 പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് 29-01-2021, 18-02-2021, 15-09-2021 എന്നീ തിയ്യതിയിൽ യോഗം ചേരുകയുണ്ടായി. ആ മീറ്റിംഗിലൊന്നും തന്നെ 2021-22 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2 (6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2, 13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ബ്ലോക്ക്പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് (10/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തതു കാരണം ഫണ്ടുകൾ പാഴാക്കുന്നു

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ ആകെ 21 പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ചേർന്ന് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവയിൽ 14 പ്രോജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഫണ്ട് ചെലവഴിക്കാനായത്. പൊതുമരാമത്ത് മേഖലയിൽ ഏറ്റെടുത്ത പ്രൊജക്ടുകൾ നടപ്പാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇങ്ങനെ പൊതുമരാമത്ത് മേഖലയിൽ വകയിരുത്തിയ ഫണ്ടുകൾ ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക്

(11/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 സ്പിൽ ഓവർ പ്രവൃത്തികൾ : തൻവർഷം യാതൊരു ചെലവുമില്ല

സ്പിൽ ഓവർ പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 10.1(1) മുതൽ (4) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രൊജക്റ്റുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രൊജക്റ്റുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രൊജക്റ്റുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രൊജക്റ്റുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക | വകയിരുത്തിയ ഫണ്ട് |
|---|---|---|---|---|
| 1 | 81/22 | കാപ്പഴക്കൽ തോട് സംരക്ഷണ പ്രവൃത്തി | 1,140,000/-, 10,000/- | ധനകാര്യകമ്മീഷൻ അവാർഡ്, മറ്റു ഗ്രാമപഞ്ചായത്ത് |
| 2 | 82/22 | ബ്ലോക്ക് പഞ്ചായത്ത് ജീപ്പ് ഷെഡ്ഡ് ഷട്ടറിന്റെ അറ്റകുറ്റ പണിയും നിർമ്മാണവും | 26,648/- | വികസന ഫണ്ട് |

മേൽ പറഞ്ഞ നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കേണ്ട പ്രൊജക്റ്റുകൾ മാത്രം സ്പിൽ ഓവറായി ഉൾപ്പെടുത്തിയതിൽ 2 പൊതുമരാമത്ത് പ്രവൃത്തികളിലും തൻവർഷം യാതൊരു ചെലവും ഇല്ലാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/2021-22 ) മറുപടി നൽകിയിട്ടില്ല.

## 1-14 പൊതുമരാമത്ത് - കരാർ ഒപ്പിടുന്നതിൽ കാലതാമസം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ : 118/22

പ്രോജക്റ്റ് : അഴിയൂർ പട്ടികജാതി പ്രീമെട്രിക്ക് ഹോസ്റ്റൽ (ആൺകുട്ടികൾ) നവീകരണം

എസ്റ്റിമേറ്റ് : 2,86,436/-

മേൽ പൊതുമരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച്, ടെണ്ടർ തുറന്ന് കരാറുകാരനെ പഞ്ചായത്ത് ഭരണസമിതി തിരഞ്ഞെടുത്തതിനു ശേഷം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാനുള്ള സമയപരിധി പാലിച്ചിട്ടില്ല. ഏകവർഷ പ്രോജക്റ്റ് ആയ ഈ പ്രവൃത്തി തൻവർഷം പൂർത്തീകരിക്കാൻ സാധിക്കാതെ ഇതിനായി 2021-22 ൽ വകയിരുത്തിയ തുക ലാപ്സാവുകയാണുണ്ടായത്. തുടർ വർഷം സ്പിൽ ഓവർ പ്രോജക്റ്റ് ആയി ഉൾപ്പെടുത്തേണ്ടതായും വന്നു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരൻ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ

നോട്ടീസ് അയക്കേണ്ടതാണ്. കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ച കഴിഞ്ഞ് 14 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടതുമാണ്. ഇങ്ങനെ 14 ദിവസം കഴിഞ്ഞ് 10 ദിവസം കൂടി കരാർ ചമയ്ക്കാൻ കരാറുകാരന് അനുവദിക്കേണ്ടതും ഇതിനു ശേഷം കരാർ വെക്കണമെങ്കിൽ കരാറുകാരനിൽ നിന്നും പി.എ.സിയുടെ 1% പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാർ ചമയ്ക്കാവൂ. ഇവിടെ ചട്ടം അനുശാസിക്കുന്ന ടെണ്ടർ അംഗീകരിച്ച് 7 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ് എന്ന സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഭരണ സമിതി അംഗീകരിച്ച തിയ്യതി | സെലക്ഷൻ നോട്ടീസ് അയക്കേണ്ട തിയ്യതി | അയച്ച തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി |
|---|---|---|---|---|
| 20-01-2022 | 27-01-2022 | ഫയലിൽ ലഭ്യമല്ല | 10-02-2022 | 02-03-2022 |

യഥാസമയം സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിനാൽ, 30 ദിവസം കഴിഞ്ഞ് കരാർ വെച്ച കരാറുകാരനിൽ നിന്നും ഈടാക്കേണ്ട ഫൈൻ തുകയായ പി.എ.സി 2,86,436/- യുടെ 1% കരാറുകാരനിൽ നിന്നും പിഴ ഈടാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മേൽ കാണിച്ചതിൻ പ്രകാരം ടെണ്ടർ അംഗീകരിച്ച കഴിഞ്ഞാൽ 7 ദിവസമോ ഫേം പിരീഡോ ഏതാണ് ആദ്യം വരുന്നത് ആ പരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിനാൽ ആ വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരുകയും കരാർവെയ്ക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കാനും സാധിച്ചിട്ടില്ല.

കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഫയലിൽ നിന്നും ലഭ്യമല്ല. സമയപരിധിക്കുള്ളിൽ കരാറുകാരന് രജിസ്റ്റേഡായി സെലക്ഷൻ നോട്ടീസ് അയക്കാതിരുന്നതിന് അല്ലെങ്കിൽ യഥാസമയം സെലക്ഷൻ നോട്ടീസ് അയച്ചിട്ടും കരാർ വെക്കാതിരുന്നതാണെങ്കിൽ കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (12/2021-22 )ക്ക് മറുപടി നൽകിയിട്ടില്ല.

## 1-15 ഒരേ കെട്ടിട സമുച്ചയത്തിലെ പ്രവൃത്തിക്ക് ഒന്നിലധികം പ്രൊജക്ടുകൾ

2021-22 കാലയളവിൽ ഓർക്കാട്ടേരി സി.എച്ച്.സി, അഴിയൂർ പട്ടികജാതി പ്രീമെട്രിക്ക് ഹോസ്റ്റൽ (ആൺകുട്ടികൾ) എന്നീ കെട്ടിടങ്ങളിൽ ഒന്നിലധികം പ്രൊജക്ടുകൾ തയ്യാറാക്കി പ്രവൃത്തി ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറു കാരൻ | എഗ്രിമെന്റ് തിയ്യതി | ആകെ ചെലവ് | തൻവർഷം ചെലവ് | സാങ്ഷൻ ഓർഡർ നമ്പർ, തുക |
|---|---|---|---|---|---|---|---|
| | ഓർക്കാട്ടേരി സി.എച്ച്.സി കെട്ടിടം | | | | | | |
| 1 | 79/22 | 15,03,200/- | ULCCS | 25-02-2021 | 14,40,697/- | 13,09,039/- | 91/27-10-2021, 4,35,630/-, |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 302/ 30-03-2022, 8,73,409/- |
| 2 | 100/22 | 5,06,000/- | ULCCS | 14-12-2021 | 5,00,798/- | 5,00,798/- | 123/ 31-12-2021, 1,01,154/-, 292/ 27-03-2022, 3,99,644/- |
| 3 | 117/22 | 9,00,000/- | ULCCS | 02-03-2022 | 2,16,148/- | 2,16,148/- | 303/ 30-03-2022, 2,16,418/- |
| | അഴിയൂർ പട്ടികജാതി പ്രീമെട്രിക്ക് ഹോസ്റ്റൽ(ആൺകുട്ടികൾ) കെട്ടിടം | | | | | | |
| 1 | 80/22 | 3,10,000/- | ULCCS | 27-10-2020 | 2,76,206/- | 2,76,206/- | 213/ 07-03-2022, 2,76,206/- |
| 2 | 118/22 | 2,86,436/- | ULCCS | 02-03-2022 | ------- | ------- | ------- |

ഓർക്കാട്ടേരി സി.എച്ച്.സി കെട്ടിട നിർമ്മാണം ക്രമ നമ്പർ 3 ൽ വകയിരുത്തിയ 9,00,000/- രൂപയിൽ കേവലം 2,16,148/- രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അഴിയൂർ പട്ടികജാതി പ്രീമെട്രിക്ക് ഹോസ്റ്റൽ (ആൺകുട്ടികൾ) കെട്ടിട നിർമ്മാണം ക്രമ നമ്പർ 2 ൽ വകയിരുത്തിയ 2,86,436/- രൂപയിൽ ഒരു രൂപ പോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ ഉത്തരവ് 11.2.3 പ്രകാരം ഏതൊരു ഉദ്ദേശ്യത്താലായാലും പ്രവൃത്തി വിഭജിച്ചു നൽകാൻ പാടില്ല. മേൽ സർക്കാർ ഉത്തരവുകൾ മറികടന്ന്, ഒരേ കെട്ടിടങ്ങളിലുള്ള പ്രവൃത്തിക്ക് വിവിധ പ്രൊജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് ( 15/2021-22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് തക്കതായ വിശദീകരണം നൽകേണ്ടതാണ്.

## 1-16 സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല

വടകര ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ അംഗീകരിച്ച് കരാറുകാരനെ യഥാസമയം അറിയിക്കുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവ് (പി) നം. 13/2012 പി.ഡബ്യൂ.ഡി തിയ്യതി. 01-02-2012 നമ്പർ 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011.3

പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഈ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. അടിയന്തിര ഘട്ടത്തിൽ ടെലഗ്രാം/SMS ആയും അറിയിപ്പ് നൽകാവുന്നതാണ് എങ്കിലും അതോടൊപ്പം തന്നെ പോസ്റ്റലായും അയക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ ഫയലിലില്ല. ആയവ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് തക്കതായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-17 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും അവിടെ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ച ലഭിക്കുന്ന അളവു പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും ഓരോ പ്രവൃത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവു പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രൊജക്റ്റ് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവുവരുത്തേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവു പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് ( 14/2021-22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 അങ്കണവാടി കെട്ടിട നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല.

എ) സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി തുക കൈമാറുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1) പ്രോജക്റ്റ് നം. - 75/2021-22 – കക്കാട്ടുപ്പള്ളി അംഗനവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ചോറോട് ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 5,00,000/- രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ് തുക - 5,00,000/- രൂപ (ബിൽ നമ്പർ - 200 തീയതി 2.3.2022 )

2) പ്രോജക്റ്റ് നം. – 76/2021-22 – പുന്നോല അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ഒഞ്ചിയം ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 5,00,000/- രൂപ ( വികസന ഫണ്ട് - പൊതുവിഭാഗം )

ചെലവ് തുക - 5,00,000/- രൂപ ( ബിൽ നമ്പർ - 229 തീയതി 15.3.2022 )

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറുന്നതിന് തയ്യാറാക്കിയ പ്രോജക്ടുകളാണ് ഇവ. മേൽ പ്രകാരം തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും തുക വിനിയോഗിച്ചതിന്റെ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തീയതി

20.3.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

ബി) സി.ഡി.പി.ഒ. നിർവഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി തുക കൈമാറുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നം. - 67/2021-22

നിർവ്വഹണം - സി. ഡി. പി. ഒ.

അടങ്കൽ - 20,00,000/- രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ് തുക - 15,00,000/- രൂപ ( 5,00,000/- ബിൽ നമ്പർ - 232/16.3.2022, 10,00,000/- ബിൽ നമ്പർ 265/25.3.2022 )

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ഇതു പ്രകാരം അഴിയൂർ ഗ്രാമപഞ്ചായത്തിലെ 2 അങ്കണവാടികൾക്കായി 5,00,000/- രൂപ വീതവും ഏറാമല ഗ്രാമപഞ്ചായത്തിലെ ഒരു അങ്കണവാടിക്കായി 5,00,000/- രൂപയും കൈമാറിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക | തീയതി |
|---|---|---|---|
| 1 | ഏറാമല | 5,00,000 | 16.3.2022 |
| 2 | അഴിയൂർ | 10,00,000 | 25.3.2022 |
| | ആകെ | 15,00,000 | |

മേൽ തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും തുക വിനിയോഗിച്ചതിന്റെ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 20.3.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-19 മടിത്തട്ട് - കൗൺസിലർക്ക് അധിക നിരക്കിൽ വേതനം നൽകി

ബ്ലോക്ക് പഞ്ചായത്ത് മടിത്തട്ട് എന്ന പേരിൽ നടപ്പാക്കിയ സമഗ്ര വയോജന പരിപാലന പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്ട് നം. | 49/22 |
| അടങ്കൽ | 1,60,630/- |

| | |
|---|---|
| | |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1,60,630/- രൂപ |
| ബിൽ നം. തീയതി | 22,000 രൂപ വീതം ( ബിൽ നമ്പറുകൾ -2/6.5.2021, 13/10.6.2021, 21/30.6.2021, 33/2.8.2021, 48/1.9.2021, 68/4.10.2021.<br>28,630 രൂപ - ബിൽ നമ്പർ 93/1.11.2021 |

വയോജനങ്ങൾക്ക് കൗൺസിലിംഗ് നൽകുന്നതിന് കൗൺസിലറെ നിയമിക്കുന്നതിനും വയോജന കേന്ദ്രത്തിലേക്ക് മൊമെന്റോ, പൊന്നാട എന്നിവ വാങ്ങുന്നതിനുമാണ് (വയോജനങ്ങളെ ആദരിക്കുന്നതിനായി) പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതി പ്രകാരം കൗൺസിലർക്ക് പ്രതിമാസം 22,000/- രൂപ വീതം ഹോണറേറിയം നൽകിയിട്ടുണ്ട്. സ. ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ തി. 14.2.2018 ഖ. 7.1.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ പകൽവീട് / വൃദ്ധസദനം നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രതിമാസം 7,000/- രൂപ നിരക്കിൽ വേതനം നൽകാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം നിയമിച്ച കൗൺസിലർക്ക് അധിക വേതനം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 20.3.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരം കൗൺസിലർക്ക് അധികവേതനം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച 1,60,630/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-20 നെൽകൃഷി കൂലിചെലവ് സബ്സിഡി - തുക ലഭിച്ച ഗുണഭോക്താവിന്റെ വിവരം ലഭ്യമല്ല.

പ്രോജക്ട് നം. - 36/2021-22

നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയരക്ടർ

അടങ്കൽ - 64,900/- രൂപ ( വികസന ഫണ്ട് - പൊതു വിഭാഗം - 19,300,

ഗ്രാമ പഞ്ചായത്ത് വിഹിതം - 22,800, ജില്ലാ പഞ്ചായത്ത് വിഹിതം - 22,800 )

ചെലവ് തുക - 17,100/- രൂപ ( വികസന ഫണ്ട് - പൊതുവിഭാഗം - ബിൽ നമ്പർ 170/21-22 തീയതി 11.2.2022 )

നെൽകൃഷി കൂലി ചെലവിലേക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതം ഹെക്ടറിന് 6,000/- രൂപയും

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 6,000/- രൂപയും ഉൾപ്പെടെ ഹെക്ടറിന് 17,000/- രൂപ സഹായധനം അനുവദിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഇത്തരത്തിൽ നെൽകൃഷി കൂലി ചെലവിലേക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ആയതിലേക്കായി 11.2.2022 ന് ബിൽ നമ്പർ 170/21-22 പ്രകാരം 17,100/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി തയ്യാറാക്കിയ സാംഖ്യ ബില്ലിൽ തുക ആരുടെ അക്കൗണ്ടിലേക്കാണ് മാറ്റുന്നത് എന്ന് കാണിച്ചിട്ടില്ല. ഇപ്രകാരം ഗുണഭോക്താവിന്റെ/സ്ഥാപനത്തിന്റെ പേര്, അക്കൗണ്ട് നമ്പർ, IFSC എന്നിവ ചേർക്കാതെ സാംഖ്യ ബില്ല് തയ്യാറാക്കിയതിനും തുക പിൻവലിച്ചതിനും വിശദീകരണം ആവശ്യപ്പെട്ടും ഈ തുക ആരുടെ അക്കൗണ്ടിലേക്കാണ് മാറ്റിയത് എന്നതിന് രേഖകൾ സഹിതമുള്ള മറുപടി ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 20/2021-22 തീയതി 22.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. തുക കൈപ്പറ്റിയ ഗുണഭോക്താവിന്റെ / സ്ഥാപനത്തിന്റെ വിവരം ലഭ്യമല്ലാത്തതിനാൽ ഈയിനത്തിലുള്ള 17,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഓർക്കാട്ടേരി സി. എച്ച്. സി - മുറിച്ച മരങ്ങൾ ലേലം ചെയ്തില്ല.

വൗച്ചർ നമ്പർ - 22200011 തീയതി 6.4.2022 – 31,000/- രൂപ

ചെക്ക് നമ്പർ - 6169946 തീയതി 1.4.2022

ഓർക്കാട്ടേരി സി. എച്ച്. സി യിലെ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഷൈജേഷ് ടി. പി. എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടിയാൻ മരങ്ങൾ മുറിക്കുകയും ചെയ്തിട്ടുണ്ട്. ( ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ - 10(1) തീയതി 2.3.2022 പ്രകാരം ) ആയതിന് 6.4.2022 ലെ വൗച്ചർ നമ്പർ 22200011 പ്രകാരം 31,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇപ്രകാരം മുറിച്ച മരങ്ങൾ ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന് നടപടികൾ സ്വീകരിക്കുന്നതിന് സി. എച്ച്. സി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. ( ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ - 4(1) തീയതി 6.4.2022 )

മേൽ പ്രകാരം തീരുമാനം എടുത്ത് ഒരു വർഷം ആവാറായിട്ടും മരങ്ങൾ ലേലം ചെയ്യപ്പെട്ടിട്ടില്ല. മുറിച്ച് ഒരു വർഷം ആവാറായതിനാൽ മരങ്ങൾ നശിച്ച പോവാൻ സാധ്യതയുണ്ട്. ആയതിനാൽ മരങ്ങൾ ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 20.3.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മരങ്ങൾ ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ

നിർവഹണം : പട്ടികജാതി വികസന ഓഫീസർ

പ്രൊജക്ട് നമ്പർ : 25/21-22

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,50,000 | 1,50,000 |
| വികസന ഫണ്ട് (എസ്.സി.പി) | 11,38,262 | 11,38,262 |

| | | |
|---|---|---|
| ആകെ | 12,88,262 | 12,88,262 |

| ബിൽ നമ്പർ | തീയതി | ചെലവ് തുക | ഫണ്ട് |
|---|---|---|---|
| 38 | 04.08.2021 | 3,05,000 | വികസന ഫണ്ട് (എസ്.സി.പി) |
| 54 | 15.09.2021 | 2,85,000 | |
| 62 | 25.09.2021 | 2,25,000 | |
| 81 | 18.10.2021 | 75,000 | |
| 137 | 11.01.2022 | 2,45,000 | |
| 212 | 05.03.2022 | 3,262 | |
| 146 | 22.01.2022 | 20,000 | വികസന ഫണ്ട് (ജനറൽ) |
| 211 | 05.03.2022 | 1,30,000 | |

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടി ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഗവേഷണ വിദ്യാർത്ഥികൾ, മെഡിക്കൽ വിദ്യാർത്ഥികൾ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ എന്നിവർക്ക് 30,000/- രൂപ, എഞ്ചിനീയറിംഗ് കോഴ്സിന് 25,000/- രൂപ, ബിരുദം, പോളിടെക്നിക് കോഴ്സ് എന്നിവയ്ക്ക് 20,000 രൂപ, മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സിന് 15,000/- രൂപയും എന്ന രീതിയിൽ 62 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

താഴെപറയുന്ന രേഖകളാണ് എസ്.സി വിദ്യാർത്ഥികൾ ഹാജരാക്കേണ്ടിയിരുന്നത്.

I) ജാതി സർട്ടിഫിക്കറ്റ്

Ii) വരുമാന സർട്ടിഫിക്കറ്റ്

Iii) ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

Iv) ആധാർ കാർഡിന്റെ പകർപ്പ്

V) മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം നേടിയതാണെന്നും നിലവിൽ പഠനം തുടരുന്നുണ്ട് എന്നുമുള്ള സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം

Vi)ഗ്രാമപഞ്ചായത്ത്/ജില്ലാപഞ്ചായത്തുകളിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം

പ്രോജക്റ്റ് ഫയൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന 6 എസ്.സി വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് സ്കോളർഷിപ്പ് നൽകിയത്.

| രജിസ്റ്റർ | പേര്, വിലാസം | പഠിക്കുന്ന കോഴ്സ്, | സാക്ഷ്യപത്രം | നൽകിയ |
|---|---|---|---|---|

| പ്രകാരമുള്ള ക്രമ നമ്പർ | | സ്ഥാപനം | നൽകേണ്ട ഗ്രാമ പഞ്ചായത്ത് | സ്കോളർഷിപ്പ് തുക |
|---|---|---|---|---|
| 33 | അശ്വതി ചന്ദ്രൻ, മുക്കാട്ടുകുനിയിൽ, ഓർക്കാട്ടേരി, വടകര | ഡിപ്ലോമ (ഒഫ്ത്താൽമോളജി), ഗവ. മെഡിക്കൽ കോളജ്, തൃശ്ശൂർ | ഏറാമല ഗ്രാമപഞ്ചായത്ത് | 15,000 |
| 35 | അജന്യ.ടി.കെ, തിരുവാതിര കുനിയിൽ, ഓർക്കാട്ടേരി, വടകര | ബി.ടെക്(സിവിൽ), കുസാറ്റ്, ആലപ്പുഴ | ഏറാമല ഗ്രാമപഞ്ചായത്ത് | 25,000 |
| 36 | മേഘ.കെ.ടി, കപ്പറമ്പത്ത്പൊയിൽ, ഓർക്കാട്ടേരി, വടകര | എം.എസ്.സി(കെമിസ്ട്രി), ഗവ.കോളജ്, മടപ്പള്ളി | ഏറാമല ഗ്രാമപഞ്ചായത്ത് | 30,000 |
| 48 | ശ്രീലക്ഷ്മി.പി.കെ, പൊന്നങ്കണ്ടി, ചോമ്പാല, വടകര | ബി.കോം, ആർ.ശങ്കർ മെമ്മോറിയൽ SNDP കോളജ് | അഴിയൂർ ഗ്രാമപഞ്ചായത്ത് | 20,000 |
| 49 | ഷാനിഷ.പി, കുനിയാട്ട് വളപ്പിൽപറമ്പത്ത്, ചോമ്പാല, വടകര | ബി.എ പൊളിറ്റിക്കൽ സയൻസ്, ഗവ.കോളജ്, മടപ്പള്ളി | അഴിയൂർ ഗ്രാമപഞ്ചായത്ത് | 20,000 |
| 51 | ശ്രദ്ധ.കെ.സി, തേർക്കണ്ടി, കുന്നമ്മക്കര, ചോമ്പാല | ബി.എസ്.സി(ഫിസിക്സ്), ഗവ.കോളജ്, മടപ്പള്ളി | ഏറാമല ഗ്രാമപഞ്ചായത്ത് | 20,000 |
| ആകെ | | | | 1,30,000 |

ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെ 6 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/21-22, തീ-22.03.23) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ സാക്ഷ്യപത്രം ഹാജരാക്കാത്ത 6 പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ച സ്കോളർഷിപ്പ് തുക 1,30,000 തടസ്സത്തിൽ വെക്കുന്നു.

1-23 ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി - വിനിയോഗ വിവരം ലഭ്യമല്ല.

പ്രോജക്റ്റ് നം. - 06/2021-22

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 20,70,000/- (വികസന ഫണ്ട് പൊതുവിഭാഗം - 14,00,000, ഗ്രാമപഞ്ചായത്ത് വിഹിതം - 6,70,000)

ചെലവ് തുക - 13,79,187/- (NEFT Fund Transfer ) (വികസന ഫണ്ട് പൊതുവിഭാഗം)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 3 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് പരമാവധി 4/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് പ്രോജക്റ്റ് കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനായി ചുവടെ ചേർക്കും പ്രകാരം തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

<table>
<tr><th>ക്രമ നം.</th><th>ഗ്രാമപഞ്ചായത്തിന്റെ പേര്</th><th>കൈമാറിയ തുക</th><th>തിയ്യതി</th></tr>
<tr><td>1</td><td>ചോറോട്</td><td>3,00,000</td><td rowspan="3">7.10.2021, 30.10.2021, 19.11.2021, 30.12.2021, 26.3.2022, 27.3.2022, 30.3.2022 NEFT Fund Transfer</td></tr>
<tr><td>2</td><td>ഒഞ്ചിയം</td><td>2,69,187</td></tr>
<tr><td>3</td><td>ഏറാമല</td><td>8,10,000</td></tr>
<tr><td colspan="2">ആകെ തുക</td><td>13,79,187</td><td></td></tr>
</table>

പട്ടികയിൽ കാണിച്ച പ്രകാരം 13,79,187 രൂപ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ തുക വിനിയോഗിച്ചതിന്റെ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2021-22 തീയതി 17.3.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള 13,79,187/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ഭിന്നശേഷി സ്കോളർഷിപ്പ് - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - സാംഖ്യ ബില്ലുകൾ, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

പ്രോജക്ട് നം. - 41/2021-22

നിർവ്വഹണം - സി. ഡി. പി. ഒ.

അടങ്കൽ - 20,31,400/- രൂപ ( വികസന ഫണ്ട് - പൊതു വിഭാഗം )

ചെലവ് തുക - 20,31,400/- രൂപ ( സുലേഖ ചെലവ് പത്രിക പ്രകാരം )

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഭിന്നശേഷി സ്കോളർഷിപ്പ് ഇനത്തിലേക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. സുലേഖ ചെലവ് പത്രിക പ്രകാരം ഈ ഇനത്തിൽ 20,31,400/- രൂപ ചെലവുണ്ട്. എന്നാൽ ഈ ഇനത്തിൽ വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച സാംഖ്യ ബില്ലുകൾ, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 6/2021-22 തീയതി 21.3.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുക പിൻവലിച്ച സാംഖ്യ ബില്ലുകൾ, ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവു രേഖകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 20,31,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 17.03.2023, 18.03.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2021-22 | 70,000 | പി.എം.എ.വൈ (ലൈഫ്) ഭവനപദ്ധതി | 70,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 2021-22 | | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 7,84,000 | പി.എം.എ.വൈ (ലൈഫ്) ഭവനപദ്ധതി 2021-22 | 7,84,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ റോഡ് ടാറിംഗ് - ചോറോട് പഞ്ചായത്ത് | 164 തീ – 04.02.2022 | 11,00,000 | 0 | 11,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | 3.11.2.1.122 | സാനിറ്ററി മാർട്ട് തുടങ്ങിയില്ല | പരാമർശം തുടരുന്നു |
| 2003-04 | 3-3 | 2005-06(പൊതു പരാമർശം) | 2.70.4.10.71 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകുന്നതിന് നിർദ്ദേശിച്ചു |
| 2003-04 | 3-4 | 2005-06 (പൊതു പരാമർശം) | 2.70.4.10.71 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് നിയമസഭാ സമിതിക്ക് നൽകുന്നതിന് നിർദ്ദേശിച്ചു |
| | | 2013-14(പ്ര.ക്ഷ.റി) | 5.3.5.4.151 | ചെറുകിട വ്യവസായം- അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | പരാമർശം തുടരുന്നു |
| | | 2013-14(പ്ര.ക്ഷ.റി) | 5.3.5.4.151 | തൊഴിൽ പരിശീലന പദ്ധതികൾ | പരാമർശം തുടരുന്നു |
| 2017-18 | 3-2 | 2018-19 | | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതല നിർവ്വഹണത്തിലെ വീഴ്ചകൾ | പരാമർശം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,14,65,829 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,60,97,300 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,90,835 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 99,466 | ശ്രീമതി. സിമി ഭാസ്കർ, അസി. എഞ്ചിനിയർ |
| 1-8 | 3,73,052 | ശ്രീമതി. ഷീബ മറിയം വർഗീസ്, അസി. എഞ്ചിനിയർ |
| 1-19 | 66,000 | ശ്രീമതി. രാജശ്രീ പി. ടി, സി. ഡി. പി. ഒ. |
| 1-19 | 94,630 | ശ്രീമതി. സുമ സി. എസ്, സി. ഡി. പി. ഒ. |
| 1-20 | 17,100 | ശ്രീ. നൗഷാദ് കെ. ഇ, കൃഷി ഓഫീസർ |
| 1-22 | 1,30,000 | ശ്രീ. സജീവൻ ടി, പട്ടികജാതി വികസന ഓഫീസർ |
| 1-23 | 13,79,187 | ശ്രീ. ശ്രീജിത്ത് സി. പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-24 | 20,31,400 | ശ്രീമതി. സുമ സി. എസ്, സി. ഡി. പി. ഒ. |
| | 41,90,835 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിമി ഭാസ്കർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനിയർ, അഴിയൂർ ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നമ്പർ 2 B, എസ്സാർ സിറ്റി ഹൈറ്റ്സ്, എടോടി, വടകര |
| ശ്രീമതി. ഷീബ മറിയം വർഗീസ്, അസിസ്റ്റന്റ് എഞ്ചിനിയർ | താൽക്കാലിക നിയമനം | ചുണ്ടവില്ല, കിഴക്കേതിൽ, കുളനട, പത്തനംതിട്ട |
| ശ്രീ. നൗഷാദ് കെ. ഇ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ഇൻ ചാർജ്) | കൃഷി ഓഫീസർ, ചോറോട് ഗ്രാമപഞ്ചായത്ത് | കുന്നത്തേരി ഹൗസ്, കൂരാച്ചുണ്ട് പി. ഒ, കോഴിക്കോട് 673527 |
| ശ്രീ. ശ്രീജിത്ത് സി.പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വടകര ബ്ലോക്ക് പഞ്ചായത്ത് | ശ്രീലയം, വെസ്റ്റ് ഹിൽ ചുങ്കം, കോഴിക്കോട് |
| ശ്രീമതി. സുമ സി.എസ്, സി. ഡി. പി. ഒ. | സി. ഡി. പി. ഒ, കോട്ടയം നഗരസഭ | സുധാ മഠം, കുഴിമറ്റം (പി. ഒ), പനച്ചിക്കാട്ട്, കോട്ടയം – 686533 |
| ശ്രീ. സജീവൻ ടി, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, വടകര ബ്ലോക്ക് | എടവണ്ണ (H), പള്ളിക്കര (പി. ഒ), പയ്യോളി, |

| | | |
|---|---|---|
| | പഞ്ചായത്ത് | കോഴിക്കോട് – 673522 |
| ശ്രീമതി. രാജശ്രീ പി. ടി, സി. ഡി. പി. ഒ. | സി. ഡി. പി. ഒ, മേലടി ബ്ലോക്ക് പഞ്ചായത്ത് | സംഗീത ഹൗസ്, അല്ലിത്തൊടി, വെസ്റ്റ്ഹിൽ, കോഴിക്കോട് – 673005 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശ ങ്ങൾ |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(2) തീയതി 26.5.2018 | 1 | 8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(3) തീയതി 26.5.2018 | 4 | 1(3), 1(4), 3(3), 3(4), |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(5) തീയതി 26.5.2018 | 1 | 3(2) |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(10) തീയതി 26.5.2018 | 2 | 3-3, 3-7(3) |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.8/63 /2022(1) തീയതി-19.05.2022 | 1 | 3-5 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.7/580 /2018(12) തീയതി 26.5.2018 | 4 | 3-1, 3-2(4), 3-7, 3-8 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.8/63 /2022(3) തീയതി-19.05.2022 | 3 | 3-1 3-10, 3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.8/63/ 2022(3) തീയതി-19.05.2022 | 5 | 3-1(1),3-2, 3-6, 3-8, 3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.8/ 686/2022 തീയതി-19.05.2022 | 4 | 1-15,1-18,1-20,1-21 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.8/ 532/2022 തീയതി-26.03.2022 | 19 | 1-1,1-2,1-3,1-4,1-5, 1-6,1-7,1-8,1-9, |

| | | | |
|---|---|---|---|
| | | | 1-10,1-11,1-12,1-13, 1-14,1-15,1-16,1-17, 1-18,1-19 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.8/ 984/2022 തീയതി-17.06.2022 | 17 | 1-1,1-2-1,1-4-1,1-5, 1-6,1-7,1-8,1-9, 1-10,1-11,1-12,1-13, 1-14,1-15,1-16,1-17, 1-18 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്